പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1853      01.11.2019-ലെ മറുപടിക്ക്

# ഹൈസ്പീഡ് ഡീസലിന്റെ നികുതിയിളവിന് ശിപാർശ

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.അബ്ദു റബ്ബ് | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) | വൻ നഷ്ടത്തിൽ പൊതുഗതാഗത സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി.-യ്ക്ക് 2019-20 വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ ഹൈസ്പീഡ് ഡീസലിന്റെ നികുതിയിളവിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടത് എന്നാണ്; നിർദ്ദേശങ്ങൾ ആവശ്യപ്പെട്ട് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും | 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഹൈസ്പീഡ് ഡീസൽ ഓയിലിന് നികുതി കുറവ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി സമർപ്പിക്കാൻ 04.08.2018-ലെ TRANS-A2/226/2018-TRANS നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ബഡ്ജറ്റ് നിർദ്ദേശം കെ.എസ്.ആർ.ടി.സി. സർക്കാരിന് സമർപ്പിക്കുകയുണ്ടായില്ല. എന്നാൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലേക്കുള്ള ശിപാർശയായി കെ.എസ്.ആർ.ടി.സി. സമർപ്പിച്ച കുറിപ്പിൽ ഈ ആവശ്യം പ്രതിപാദിക്കുകയും 2019-20-ലെ അധിക ധനാഭ്യർത്ഥനകൾക്കുള്ള നിർദ്ദേശത്തിൽ ഉൾപ്പെടുത്തി സമർപ്പിക്കുകയും ചെയ്തെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിക്കാത്ത സാഹചര്യത്തിലും |
| (ബി) | ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി. പാലിച്ചിരുന്നോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | | |
| (സി) | ഇല്ലെങ്കിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ച ഇത്തരമൊരു പ്രധാനപ്പെട്ട നിർദ്ദേശം പാലിക്കാതിരുന്നതിന്റെ കാരണം എന്താണ്; സർക്കാർ നല്കിയ ഗൗരവമായ നിർദ്ദേശം പാലിക്കാതിരുന്നത് ഏത് നിയമത്തിന് വിധേയമായിട്ടാണ്; | | |
| (ഡി) | ആയത് പാലിക്കാതിരുന്നവർക്കെ | | |

| | | | |
|---|---|---|---|
| | തിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദവിവരം നല്കുമോ ; ഗവൺമെന്റ് നൽകുന്ന നിർദ്ദേശം പാലിക്കാതിരിക്കുന്ന സമീപനം തുടരാതിരിക്കാൻ ആവശ്യമായ മുൻകരുതൽ എടുക്കുമോ; | | മതിയായ നീക്കിയിരിപ്പ് ഉള്ളതിനാലും ഇക്കാര്യം പരിഗണിക്കുകയുണ്ടായില്ല. 2020-21-ലെ പദ്ധതി നിർദ്ദേശങ്ങളിൽ ഇക്കാര്യം ഉൾപ്പെടുത്തി സമർപ്പിക്കുന്നതാണെന്ന് കെ.എസ്.ആർ.ടി.സി. അറിയിച്ചിട്ടുണ്ട്. |
| (ഇ) | സർക്കാർ നിർദ്ദേശം പാലിക്കാൻ തയ്യാറാകാത്ത കെ.എസ്.ആർ.ടി.സി. അധികൃതർക്ക് പകരം 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത നിർദ്ദേശം സമർപ്പിക്കാൻ മറ്റാരെയെങ്കിലും ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

ഗതാഗത (എ) വകുപ്പ്

നമ്പർ. TRANS-A2/226/2018-TRANS

04/08/2018,തിരുവനന്തപുരം

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ,
കെ.എസ്.ആർ.ടി.സി.,
തിരുവനന്തപുരം.

സർ,

വിഷയം:- ഗതാഗത വകുപ്പ് - കെ.എസ്.ആർ.ടി.സി വാങ്ങുന്ന ഹൈസ്പീഡ് ഡീസൽ ഓയിലിന്റെ നികുതി കുറവ് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 26-06-2018 - ലെ SRA1/001546/16 നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ കെ.എസ്.ആർ.ടി.സി വാങ്ങുന്ന ഹൈസ്പീഡ് ഡീസൽ ഓയിലിന്റെ നികുതി കുറവ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
**മേഴ്സി ഗബ്രിയേൽ**
**അണ്ടര് സെക്രട്ടറി**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.